Day 72 of 90 days ✝✝✝ 5th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതിരാവിലെ എഴുന്നേററ് തിന്നുന്ന ആടുകൾക്ക് മാത്രമേ അത് ലഭിക്കുകയുള്ളു. സ്വന്തം സൗകര്യവും സമയവും നോക്കി ചെന്നാൽ അത് അവിടെ ഉണ്ടായിരിക്കകയില്ല. നമ്മുടെ സൗകര്യത്തിനനുസരിച്ച് ലഭിക്കാവുന്ന ഒന്നല്ല ആത്മീയാനുഗ്രഹം, അത് പ്രാപിക്കാവുന്ന ഒരു നിശ്ചിത സമയമുണ്ട്. തക്കസമയത്ത് അത് പ്രാപിക്കുന്നവർ ഭാഗ്യമുള്ളവരാണ്. ആടുകൾക്ക് ജലം ലഭിക്കുന്നതിനുള്ള രണ്ടാമത്തെ മാർഗ്ഗം വെട്ടിയുണ്ടാക്കുന്ന കിണറുകളാണ്. എല്ലാ സ്ഥലങ്ങളിലും എപ്പോഴും പ്രഭാതമഞ്ഞ് ലഭിച്ചു എന്നു വരികയില്ല. മഞ്ഞുള്ള സ്ഥലങ്ങളിൽ പോലും പകലിലോ സായാഹ്നത്തിലോ ആ ജലം ലഭിക്കുകയില്ല. അത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ആടുകൾക്ക് ജലം പ്രദാനം ചെയ്യുന്നതിന് ഇടയന്മാർക്ക് കിണറുകളെ അഭയം പ്രാപിക്കുകയേ നിവൃത്തിയുള്ളു. ഇടയൻ തന്റെ ആടുകൾക്കായി പ്രത്യേകമായി അദ്ധ്വാനിച്ചു ഉണ്ടാക്കി ക്രമീകരിച്ചിരിക്കുന്നതാണ് ഈ കിണർ. ആടുകൾ അത് മനസ്സിലാക്കുന്നില്ലായിരിക്കാം. പക്ഷെ, ഇടയൻ അതിനുവേണ്ടി അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്. തന്റെ ആടുകളായ ദൈവജനത്തിനുവേണ്ടി നല്ല ഇടയനായ യേശു എന്തെല്ലാം ചെയ്യേണ്ടി വന്നു എന്നതിന്റെ ശരിയായ ഒരു ചിത്രം നമുക്ക് ദർശിക്കുവാൻ കഴിയും. അവിടവിടെയായി ചില കുഴികളിൽ വെള്ളം നിറഞ്ഞു കിടക്കുന്നുണ്ടായിരിക്കും. പക്ഷെ, നല്ല ഇടയന്മാർ ആടുകളെ അതിലേക്ക് നയിക്കുകയില്ല. കാരണം അതിലെ ജലം നല്ലതായിരിക്കയില്ല. അഴുക്കും മററും വീണു ജലം മലിനപ്പെട്ടിരിക്കുകയോ അണുക്കൾ കടന്നുകൂടിയിരിക്കുകയോ ചെയ്യാം. ആടുകളെപ്പററി ചിന്തയില്ലാത്ത കൂലിക്കാരായ ഇടയന്മാർ ആ വിധ ജലത്തിലേക്ക് ആടുകളെ നയിച്ചുവെന്നു വരാം. എന്നാൽ ആ ആടുകൾ ക്രമേണ രോഗികളായിത്തീരുന്നു. അപ്രകാരമുള്ള ജലത്തിലേക്ക് നയിക്കുന്നത് ഇടയന് വളരെ എളുപ്പമാണ്. യാതൊരു ചിലവുമില്ല, യാതൊരു അദ്ധ്വാനവും വേണ്ട. പക്ഷെ, ആടുകളെ സ്നേഹിക്കുന്ന നല്ല ഇടയന്മാർ ഒരിക്കലും അപ്രകാരം ചെയ്യുകയില്ല. നമ്മുടെ നല്ല ഇടയനായ യേശു, നമ്മെ ഏതെങ്കിലും ജലത്തിലേക്ക് നയിക്കുന്നവനല്ല. സ്വർഗ്ഗത്തിൽ നിന്നും താണലോകത്തിലേക്ക് അവൻ ഇറങ്ങി വന്നതും കാൽവറിയിൽ കഷ്ടതയേററു മരിച്ചതും ഉയിർത്തെഴുന്നേററ് സ്വർഗ്ഗത്തിലേക്കു പോയതെല്ലാം, ഇവ ഒരുക്കുവാൻ വേണ്ടിയായിരുന്നു. തന്റെ സ്വന്തം ജീവനെ തന്നെ അതിന് വിലയായി അവൻ നൽകേണ്ടി വന്നു. സ്നേഹിതാ, നമ്മെ സഹായിപ്പാൻ, ജീവജലം നമുക്ക് പ്രദാനം ചെയ്യുവാൻ അവൻ എത്രമാത്രം സഹിച്ചുവെന്നും ചെലവു ചെയ്തുവെന്നും നാം മനസ്സിലാക്കണം. ആ ജലത്തിന്റെ അടുക്കലേക്കാണ് അവൻ തന്റെ ആടുകളെ നയിക്കുന്നത്. അപ്രകാരമുള്ള കിണററിലേക്ക് ഇറങ്ങുവാൻ പലപ്പോഴും ആടുകൾ വളരെയധികം മടിക്കാറുണ്ട്. തങ്ങളുടെ ഇടയൻ തങ്ങൾക്ക് മുമ്പായി ആ പടികളിലൂടെ താഴേക്ക് ഇറങ്ങുന്നതായി കാണാം.

തുടരും...